LIBRARY ARCHIVES Kerala Legislative Assembly

ആർ.എം.എസ്.എ. സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം

41 (1095) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലയിൽ അനുവദിച്ച ആർ.എം.എസ്.എ. സ്കൂളുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പളം മുടങ്ങിയിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും ലഭ്യമാക്കാൻ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിലെ ബാഹം ഹൈസ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2009-10-ൽ എം.എച്ച്.ആർ.ഡി.-യുടെ അംഗീകാരം ലഭിച്ച 60 സ്കൂളുകളിൽ ഉൾപ്പെടുന്ന കാസർഗോഡ് ജില്ലയിലെ 13 സ്കൂളുകളിലും 2010-11-ൽ അംഗീകാരം ലഭിച്ച 36 സ്കൂളുകളിൽ ഉൾപ്പെടുന്ന 4 സ്കൂളുകളിലും ജോലി ചെയ്യുന്ന ജീവനക്കാർക്ക് എച്ച്.എം-1, ഹൈസ്കൂൾ അദ്ധ്യാപകർ-5 (3 വിഷയാദ്ധ്യാപകർ, 2 ഭാഷാദ്ധ്യാപകർ), ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ്-1 എന്ന രീതിയിൽ ഓരോ സ്കൂളിനും വാർഷിക പദ്ധതിയനുസരിച്ച് ശമ്പളം നൽകുന്നുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ബാനം ഹൈസ്കൂൾ എം.എച്ച്. ആർ.ഡി.-യുടെ അംഗീകാരം ലഭിക്കാത്ത 30 സ്കൂളുകളിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ ഈ സ്കൂളിലെ അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പളം നൽകാൻ ആർ.എം. എസ്.എ.-ക്ക് കഴിഞ്ഞിട്ടില്ല.

ദേശീയ ആരോഗ്യ കായിക പദ്ധതി നടപ്പാക്കുന്നതിനായുള്ള അദ്ധ്യാപക നിയമനം

42 (1096) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ വിദ്യാഭ്യാസ അവകാശനിയമം നിഷ്കർഷിക്കുന്ന ആരോഗ്യ കായിക പദ്ധതി ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്നു മുതലാണ് ആരംഭിച്ചത് ; എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പാക്കിയത് ;

(ബി) എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇനി ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;